"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം കോർപ്പറേഷനിലെ അക്കൗണ്ട്സ് ഓഫീസർ ആയ ശ്രീ മണികണ്ഠൻ ജി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-1558/2025 നമ്പർ കേസിലെ 10.09.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2815/2025/LSGD    തീയതി,തിരുവനന്തപുരം, 15-11-2025

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.09.2025 തീയതിയിലെ LSGD/PD/1785/2025-DEA3 നമ്പർ ഉത്തരവ് .
2. തിരുവനന്തപുരം കോർപ്പറേഷനിലെ അക്കൗണ്ട്സ് ഓഫീസർ ശ്രീ മണികണ്ഠൻ ജി സമർപ്പിച്ച 09.09.2025 തീയതിയിലെ അപ്പീൽ (അനുബന്ധം എ 3).
3. ശ്രീ മണികണ്ഠൻ ജി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച OA-1558/2025 നമ്പർ കേസിലെ 10.09.2025 തീയതിയിലെ ഉത്തരവ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.09.2025 തീയതിയിലെ LSGD/PD/20788/2025-DEA3 നമ്പർ ഉത്തരവ് .
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.11.2025 തീയതിയിലെ LSGD/PD/30880/2025-DEA3 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 1 ഉത്തരവ് പ്രകാരമുള്ള സ്ഥലംമാറ്റത്തിനെതിരായി തിരുവനന്തപുരം കോർപ്പറേഷനിലെ അക്കൗണ്ട്സ് ഓഫീസർ ശ്രീ മണികണ്ഠൻ ജി പരാമർശം 2 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച OA-1558/2025 നമ്പർ കേസിലെ 10.09.2025 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സമർപ്പിച്ച അനുബന്ധം A3 അപ്പീൽ പരിഗണിച്ച് ഉത്തരവ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ നിയമപ്രകാരം ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുകയും പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ അപേക്ഷകനെ നിലവിലെ സ്റ്റേഷനിൽ തുടരാൻ അനുവദിക്കുന്നതിനും നിർദ്ദേശിക്കുകയുമുണ്ടായി.

2. ശ്രീ മണികണ്ഠൻ ജി സമർപ്പിച്ച അനുബന്ധം എ3 അപ്പീൽ അപേക്ഷയിൽ, 10.08.2025 തീയതിയിലെ ഉത്തരവ് പ്രകാരം ടിയാൾക്ക് തിരുവനന്തപുരം നഗരസഭയിലെ ഒഴിവിലേക്ക്

സ്ഥലംമാറ്റം അനുവദിച്ചിരുന്നതായും, എന്നാൽ 01.09.2025 തീയതിയിലെ ഉത്തരവ് പ്രകാരം പത്തനംംതിട്ട ജില്ലയിലെ കോഴഞ്ചേരിയിലേക്ക് സ്ഥലംമാറ്റിയതായും അറിയിക്കുന്നു. പ്രസ്തുത സ്ഥലംമാറ്റം നീതീകരിക്കാനാകുന്നതല്ലായെന്നും വിഭാര്യനും, രണ്ട് കുട്ടികളുടേയും വയസ്സായ അമ്മയുടേയും സംരക്ഷകനുമായ ടിയാളെ അടിയന്തരമായി തിരുവനന്തപുരം നഗരസഭയിൽ നിയമിക്കണമെന്നും സ്ഥലംമാറ്റഉത്തരവ് നിർത്തി വയ്ക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 5 റിപ്പോർട്ടിൽ, ശ്രീ മണികണ്ഠൻ ജി,-യെ 01.09.2025 തീയതിയിലെ ഉത്തരവ് പ്രകാരം ഭരണസൗകര്യാർത്ഥം പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയിരുന്നതായും, പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ടിയാൻ ഫയൽ ചെയ്ത OA-1558/2025 നമ്പർ ഹർജിയിന്മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ മണികണ്ഠൻ ജി യെ തിരുവനന്തപുരം കോർപ്പറേഷനിൽ നിലനിർത്തി പരാമർശം 4 പ്രകാരം 22.09.2025 ൽ ഉത്തരവായിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം തിരുവനന്തപുരം കോർപ്പറേഷനിലെ അക്കൗണ്ട്സ് ഓഫീസർ ആയിരുന്നതും കോഴഞ്ചേരി ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയിരുന്നതുമായ ശ്രീ മണികണ്ഠൻ ജി-യെ നിലവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ നിലനിർത്തി 22.09.2025 ൽ ഉത്തരവായിട്ടുള്ളതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഹരിച്ചിട്ടുള്ളതായി കാണുന്നു. ആയതിനാൽ ടിയാളുടെ പ്രസ്തുത അപേക്ഷയിൽ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ട് അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

5. മേൽ പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 1558/2025 നമ്പർ കേസിലെ 10.09.2025 തീയതിയിലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ മണികണ്ഠൻ ജി, അക്കൗണ്ട്സ് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-11-2025 10:24:36
സെക്ഷൻ ഓഫീസർ